(സി) ശ്രീ. പി. ആർ. കുറുപ്പ് ട്രാൻസ്പോർട്ട് മന്ത്രിയായിരുന്നപ്പോൾ സ്പെഷ്യൽ റൂൾ അമൻമെന്റിന്റെ സാധ്യതകളെക്കുറിച്ച് അന്വേഷിക്കാൻ ട്രാൻസ്പോർട്ട് കമ്മീഷണറോട് ആവശ്യപ്പെട്ടിരുന്നുവോ ;

(ഡി) എങ്കിൽ ഇത് സംബന്ധിച്ച് ട്രാൻസ്പോർട്ട് കമ്മീഷണർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) ഈ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തിയിട്ടുണ്ടോ ;

(ജി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) 31-12-1998 വരെ നികുതി കുടിശ്ശികയിനത്തിൽ 200,44,20,541 രൂപ പിരിഞ്ഞുകിട്ടാനുണ്ട്.

(ബി) വകുപ്പുതലത്തിലും സർക്കാർ തലത്തിലും കോടതി മുഖേനയും യഥാക്രമം 12,42,765 ഉം 52,58,007-ഉം 50,26,940-ഉം രൂപാ വീതം ആകെ 1,15,27,712 രൂപയ്ക്ക് സ്റ്റേ ഉത്തരവുകൾ നൽകിയിട്ടുണ്ട്. വാഹനങ്ങളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനയ്ക്ക് അനുസൃതമായി ഉദ്യോഗസ്ഥന്മാരുടെ എണ്ണത്തിൽ വർദ്ധന ഉണ്ടാകാത്തത് കുടിശ്ശിക ഉണ്ടാകാൻ കാരണമാകുന്നുണ്ട്. കുടിശ്ശിക വരുത്തുന്ന വാഹന ഉടമകളിൽ നിന്നും നികുതി പിരിച്ചെടുക്കുന്നതിനും മറ്റു ഫീൽഡ് പ്രവർത്തനങ്ങൾക്കുമുള്ള എക്സിക്യൂട്ടീവ് സ്റ്റാഫിന്റെ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതും നികുതി പിരിവിന്റെ കാര്യത്തിൽ വീഴ്ച വരാൻ ഇടയായിട്ടുണ്ട്.

(സി-ജി) കേരള ട്രാൻസ്പോർട്ട് മീറ്റേഴ്സ് സർവ്വീസ് സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിനായി ഒരു പുതുക്കിയ കരടു നിയമം (റിവൈസ്ഡ് ഡ്രാഫ്റ്റ് റൂൾസ്) സർക്കാരിന് സമർപ്പിക്കാൻ 14-9-1998-ൽ ട്രാൻസ്പോർട്ട് കമ്മീഷണറോട് ആവശ്യപ്പെടുകയുണ്ടായി. മിനിസ്റ്റീരിയൽ സ്റ്റാഫിന്റെ പ്രൊമോഷൻ സാധ്യത പരിരക്ഷിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പിൽ ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ അസിസ്റ്റന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ എന്നീ തസ്തികകൾ സൃഷ്ടിക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ടുള്ള കരടു ഭേദഗതിയാണ് ട്രാൻസ്പോർട്ട് കമ്മീഷണർ സമർപ്പിച്ചിരിക്കുന്നത്. സ്പെഷ്യൽ റൂൾ ഭേദഗതി സർക്കാരിന്റെ പരിഗണനയിലാണ്.

**സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള മോട്ടോർ വാഹനങ്ങൾ**

**112 (2825)** ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള മോട്ടോർ വാഹനങ്ങൾ (1999 ഡിസംബർ 31 വരെ) എത്രയാണ് ;



LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്വകാര്യ ബസ്സ്, ട്രാൻസ്പോർട്ട് ബസ്സുകൾ, ടൂറിസ്റ്റ് ബസ്സുകൾ, ലോറി, ടാക്സി, ടെംപോ, ട്രക്കർ, ജീപ്പ്, പിക്കപ്പ് വാൻ, ഓട്ടോറിക്ഷ തുടങ്ങിയ ഓരോ വാഹനങ്ങളുടെയും കണക്ക് പ്രത്യേകം പ്രത്യേകം വ്യക്തമാക്കാമോ ;

(സി) സ്വകാര്യ ബസ്സ് സർവ്വീസ് മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കുവാൻ എന്ത് നടപടിയാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഡി) ടാക്സ് അടക്കാത്തതിന്റെ പേരിൽ 1999 ഡിസംബർ 31 വരെ എത്ര സ്വകാര്യ ബസ്സുകൾ സർവ്വീസ് നിർത്തലാക്കിയിട്ടുണ്ട് ;

(ഇ) ചരക്കു ഗതാഗതം നടത്തുന്ന ദേശീയ പെർമിറ്റുള്ള എത്ര വാഹനങ്ങൾ സംസ്ഥാനത്തുണ്ട് ;

(എഫ്) മോട്ടോർ വ്യവസായത്തിന്റെ പുന:സംഘടനയ്ക്കും മറ്റുമായി കമ്മീഷനെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 18,59,613 വാഹനങ്ങൾ.

(ബി) കണക്കുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| സ്വകാര്യ ബസ്സുകൾ | 17,209 |
| ട്രാൻസ്പോർട്ട് ബസ്സുകൾ | 4,008 |
| ടൂറിസ്റ്റ് ബസ്സുകൾ | 7,650 |

ലോറി

| | |
|---|---|
| എൽ.എം. വി. (ലാടൻ വെയിറ്റ് 3000 കിലോ വരെ) | 35,977 |
| എൽ.എം.വി. (ലാടൻ വെയിറ്റ് 3000 കിലോ മുകളിൽ) | 37,101 |
| മീഡിയം ഗുഡ്സ് വെഹിക്കിൾ | 18,282 |
| ഹെവി ഗുഡ്സ് വെഹിക്കിൾ | 35,679 |
| മൊത്തം ലോറി | 1,27,039 |
| ടാക്സി | 47,685 |
| ജീപ്പ് | 83,626 |
| ആട്ടോറിക്ഷ | 1,92,773 |
| മറ്റുള്ളവ | 13,79,623 |

(സി) സ്വകാര്യ ബസ്സ് സർവ്വീസ് മേഖല നേരിടുന്ന പ്രതിസന്ധികളെക്കുറിച്ച് പരാതികൾ ലഭിക്കുന്നതിനനുസരിച്ച് ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്ത് സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വിവരം ശേഖരിച്ച് നല്കുന്നതാണ്.

(ഇ) 5120 വാഹനങ്ങൾ

(എഫ്) തല്ക്കാലം കമ്മീഷനെ നിയമിക്കുവാൻ ഉദ്ദേശമില്ല.

**മറ്റു സംസ്ഥാനങ്ങളിൽ നിന്നും ലഭിക്കുന്ന വാഹനനികുതി കണക്ക് സൂക്ഷിക്കുന്നതിലെ അപാകത**

113 (2826) ശ്രീ. ഇ.എം. അഗസ്തി :
ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മറ്റു സംസ്ഥാനങ്ങളിൽ നിന്നും കിട്ടുന്ന കോംപോസിറ്റ് ഫീസ്, ഓതറൈസേഷൻ ഫീസ്, മുതലായവയ്ക്ക് എസ്.ടി.എ.യിൽ സൂക്ഷിക്കുന്ന കണക്കുകളിൽ എന്തെങ്കിലും അപാകത ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) മറ്റു സംസ്ഥാനത്തുനിന്നും കിട്ടേണ്ട നികുതിക്ക് കൃത്യമായ കണക്കുകളില്ലാ എന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇങ്ങനെ കൃത്യമായ കണക്കുകൾ സൂക്ഷിക്കാത്തതിനാൽ സർക്കാരിന് കിട്ടേണ്ട നികുതി നഷ്ടമായിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എത്ര ;

(ഇ) ഇത് തടയുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി-ഇ) ഇക്കാര്യം പരിശോധിച്ചുവരികയാണ്.

**കൊല്ലം സ്റ്റേഷനിൽ നിന്നുള്ള ബോട്ട് സർവ്വീസുകൾ**

114 (2827) ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലഗതാഗത വകുപ്പിന്റെ കീഴിൽ കൊല്ലം സ്റ്റേഷനിൽ നിന്നും എത്ര ബോട്ട് സർവ്വീസുകൾക്കാണ് അനുമതി നൽകിയിട്ടുള്ളത് ;

(ബി) അനുവദിച്ച സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നതിനായി എത്ര ബോട്ടുകൾ നൽകിയിട്ടുണ്ട് ; അതിൽ എത്ര സർവ്വീസുകൾ ഇപ്പോൾ ഓപ്പറേറ്റ് ചെയ്യുന്നു ; എത്ര ബോട്ടുകളാണ് പ്രവർത്തനക്ഷമമായിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly